OFFICIAL REPORT OF THE LEGISLATIVE SESSION, 1122

**Friday,** *the* $\frac{\textit{7th February 1947}}{\textit{25th Makaram 1122}}$

The Council met in the Council Hall, Ernakulam, at half past Eleven of the Clock with the Hon'ble the President (Sir GEORGE BOAG, K.C.I.E., C.S.I.) in the Chair.

Rao Bahadur T. S. Narayana Ayyar, Messrs. Paramel Ipe Ipe, M. I. Paul and B. V. K. Menon were absent.

## I. QUESTIONS AND ANSWERS

### SPECIALIST OF AIDED PRIMARY SCHOOLS—PAY WHILE ON DEPUTATION

**182. Mr. K. T. Achuthan** *(Ezhuvas-Mukundapuram):* Will Government be pleased to answer.—

(*a*) how many specialists from the aided primary schools are deputed to Government primary schools;

(*b*) are they given pay for the work they do in the Government schools, irrespective of the question of grants to the respective classes of those teachers in the aided schools;

(*c*) are they not given proportionate dearness allowance for the work they do in the Government schools as Government servants;

(*d*) have the specialists to receive the pay from the Government schools directly instead of from the aided schools for the work in the Government schools;

(*e*) if not, why it is so?

**Mr. P. Govinda Menon** *(Minister for Food and Education):*

(*a*) 45.

(*b*) Pay is given by the Managers and pay for the portion of their work in Sirkar schools is given by Government to the Managers concerned, if the post is aided.

(*c*) No. No special consideration is shown for their work in Sirkar schools.

(*d*) No.

(*e*) There is no provision in therules. Their appointment is in aided schools and, therefore their pay cannot be disbursed directly from Government schools.

**Mr. P. Govinda Menon** *(Minister for Food and Education)* : The answer to sub-division (c) has to be changed in view of subsequent developments. The amended answer is "(c) The question of proportionate dearness allowance to specialists of aided primary schools on deputation to Government primary schools does not arise since full dearness allowance is now given to aided primary school teachers."

**Mr. K. T. Achuthan** *(Ezhuvas-Mukundapuram):* May I know if a teacher from aided school is taken to Government school, will he be paid dearness allowance?

**Mr. P. Govinda Menon** *(Minister for Food and Education)*: Yes, because at present teachers in all primary schools are given full dearness allowance.

**Mr. K. T. Achuthan** *(Ezhuvas-Mukudapuram):* Unaided classes?

**Mr. P. Govinda Menon** *(Minister for Food and Education):* Not in unaided classes.

**Mr. K. T. Achuthan** *(Ezhuvas-Mukundapuram)*: If a teacher of an unaided class is taken to Government school. will he be paid dearness allowance?

**Mr. P. Govinda Menon** *(Minister for Food and Education):* That question will be considered.

### EYE DEPARTMENT—CIVIL HOSPITAL, TRICHUR—ADDITIONAL DOCTORS AND ACCOMMODATION

**183. Mr. M. O. Thomakutty** *(Industry and Commerce):* Will Government be pleased to state.—

(*a*) the average number of patients coming daily for treatment in the Eye Department of the Civil Hospital, Trichur;



LIBRARY ARCHIVES Kerala Legislative Assembly

(*b*) the exact measurement of the rooms where the Eye Department is being held now;

(*c*) the number of doctors working in the Eye Department;

(*d*) are the Government aware of the difficulties experienced by the patients for want of space and also for want of doctors;

(*e*) are the Government convinced that one doctor is sufficient to efficiently look after the large number of patients that come daily;

(*f*) the number of patients that come to the Eye Department of the General Hospital, Ernakulam and the number of doctors there;

(*g*) will Government be pleased to provide additional doctors and accommodation to the Eye Department of the Civil Hospital?

**Rao Bahadur T. K. Nayar** *(Minister for Public Health)*:

(*a*) 120.

(*b*) 500 square feet.

(*c*) Two.

(*d*) Yes.

(*e*) No.

(*f*) Average number of patients .. 182·63.
Number of doctors—Paid .. 2
Honorary .. 2
4

(*g*) This will be looked into.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഫ ഫ ഠ പേഷ്യൻസിനു ഇരിക്കുവാൻ ൪ ഠ ഠ സ്ക്വയർ ഫീറ്റ സ്ഥലം മതിയാകുമോ?

റാവു ബഹദൂർ ടി. കെ. നായർ: സ്ഥലം പോര എന്നുള്ളതു് തീച്ചയാണു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: സ്ഥലം പോര എന്നുണ്ടെങ്കിൽ അവിടെ കൂടുതൽ സ്ഥല സൌകര്യമുണ്ടാക്കി കൊടുക്കുവാനും കൂടുതൽ ഡാക്ടർമാരെ നിയമിക്കുവാനും ദയവുണ്ടാകുമോ?

റാവു ബഹദൂർ ടി. കെ. നായർ: അതെല്ലാം ചെയ്തുകൊടുക്കുവാൻ ആലോചിക്കുന്നുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: അതു നടപ്പിൽ വരണമെങ്കിൽ എന്നേക്കാകും?

റാവു ബഹദൂർ ടി. കെ. നായർ: കൂടുതൽ സ്ഥലസൌകര്യത്തിനു് ഒരു പുതിയ കെട്ടിടം പണിയിക്കേണ്ട ആവശ്യമുണ്ടു്. അതിനെ സംബന്ധിച്ചുള്ള ആലോചനകൾ കഴിയുമ്പോൾ നടപ്പാകും.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: അതെന്നേക്കാകുമെന്നറിയുവാനാണു ചോദിക്കുന്നതു്.

റാവു ബഹദൂർ ടി. കെ. നായർ: ഇതിനെ സംബന്ധിച്ചു് ഒരു സ്കീം തയ്യാറാക്കുന്നുണ്ടു്. അതനുസരിച്ചു ചെയ്യുവാനാണു തീച്ചയാക്കിയിരിക്കുന്നതു്. ആവശ്യത്തേയും പണത്തേയും പരിഗണിച്ചു് കഴിയുന്നതും വേഗത്തിൽ ചെയ്യാം.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: എല്ലാ ആഴ്ചപത്രികകളിലുംവെച്ചു് ഇതിനൊരു മുൻഗണന കൊടുത്തു് കഴിയുന്നതും വേഗത്തിൽ ഇതിന്റെ പണി നടത്തി മുഴമിപ്പിച്ചുതരുമോ എന്നാണു് ചോദിക്കുന്നതു്.

റാവു ബഹദൂർ ടി. കെ. നായർ: ഇതിലേക്കു ബഡ്ജറ്റിൽ എത്ര ഉറുപ്പിക കൊള്ളിക്കേണ്ടിവരുമെന്നു് കണക്കാക്കണം. പ്രയോറിറ്റി അനുസരിച്ചു് ഒരു ലിസ്റ്റു് ഉണ്ടാക്കി കഴിയുന്നവേഗത്തിൽ ചെയ്യുവാനുള്ള ഒരു തീരുമാനമാണു് ഇപ്പോൾ ആലോചിച്ചുവരുന്നതു്. പ്രയോറിറ്റി വരുന്നതു് സ്വീകരിക്കുവാൻ വിരോധമില്ല. പക്ഷെ ഏതാണു് മുമ്പെ ചെയ്യേണ്ടതു്, അതു് എന്നോക്കെ കഴിയും എന്നൊന്നും ഇപ്പോൾ പറയുവാൻ സാദ്ധ്യമല്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഫ ഫ ഠ കക്കടകംവരെ ഇതിനെപ്പറ്റി യാതൊന്നും ചെയ്യുവാൻ സാദ്ധ്യമല്ലെന്നാണോ പറയുന്നതു്?

റാവു ബഹദൂർ ടി. കെ. നായർ: അതു് ഗവണ്മെണ്ടിന്റെ കൊള്ളരുതായ്മയാണെന്നു വിചാരിക്കുന്നതു തെറ്റാണു്. ഇതിലേക്കു വളരെ അധികം കാശ്ചെലവു് ആലോചിക്കുവാ

LIBRARY ARCHIVES Kerala Legislative Assembly

ന്നുണ്ട്. ഉള്ള കെട്ടിടം പൊളിച്ചു് പുതിയ കെട്ടിടങ്ങളും കൂടുതലായി പണിയുന്നതിനും അല്ലാത്തപക്ഷം ആ കെട്ടിടംതന്നെ പൊക്കി സ്ഥലസൌകര്യമുണ്ടാക്കുന്നതിനും അതിലേക്കാവശ്യമായി വേണ്ട സ്ഥലം അക്വയർ ചെയ്യുന്നതിനും മറ്റുമായി കുറെ താമസവും പണച്ചിലവും ഉണ്ടു്. എങ്ങിനെയായാലും കൂടുതൽ സൌകര്യം വേണമെന്നുള്ളതു് തീച്ചയാണു്. അതിനെപ്പറ്റി ആലോചിച്ചു വരുന്നുണ്ടു്.

മിസ്റ്റർ ജോസു് കെ. വർഗ്ഗീസ്: കണ്ണു രോഗചികിത്സ ചെയ്യുന്ന സ്ഥലത്തു് വേറെവല്ല ഡിപ്പാർട്ടുമെണ്ടുകളും നടക്കുന്നുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ: ഔട്ടുപേഷ്യൻറ് സെക്ഷനിൽ വേറെ നാലു ഡിപ്പാർട്ടുമെണ്ടുകളും നടക്കുന്നുണ്ടു്.

മിസ്റ്റർ ജോസു് കെ. വർഗ്ഗീസ്: ഈ ഡിപ്പാർട്ടുമെണ്ടുകളൊക്കെ അവിടെനിന്നു മാറ്റാമൊ?

റാവു ബഹദൂർ ടി. കെ. നായർ: എല്ലാം അവിടെനിന്നു മാറ്റും.

മിസ്റ്റർ പി. കുമാരനെഴത്തഛൻ: ഈ നാലു ഡിപ്പാർട്ടുമെണ്ടുകളും മന്നിച്ചു് ൫൦൦ സ്കപയർ ഫീറ്റിനകത്തു് എങ്ങിനെ നടത്തും?

റാവു ബഹദൂർ ടി. കെ. നായർ: ഓരോന്നും എത്രയെത്ര വിസ്താരമുള്ള സ്ഥലത്താണു് നടത്തുന്നതെന്നു പറയുവാൻ നോട്ടീസ്സു വേണം.

മിസ്റ്റർ പി. കുമാരനെഴത്തഛൻ: ഇതിൽ പറയുന്ന സ്ഥാപനത്തിൽ അതിയായ അസൌകര്യം ഉള്ളതുകൊണ്ടു് അതൊന്നു വിസ്താരപ്പെടുത്തേണ്ടതു അത്യാവശ്യമാണു് എന്നോർത്തു ഒരു സപ്ലിമെണ്ടറി ഗ്രാൻറ് കൊണ്ടുവന്നു് ആ അസൌകര്യം ഒന്നു് കഴിയുന്നതും വേഗത്തിൽ നിവർത്തിച്ചു തരുവാൻ ഇന്നത്തെ ഗവമ്മെണ്ടിനു സാധിക്കുമൊ?

റാവു ബഹദൂർ ടി. കെ. നായർ: സപ്ലിമെണ്ടറി ഗ്രാൻറു കൊണ്ടുവന്നാലും ഈ കൊല്ലത്തിൽ തന്നെ അതിൻറെ പണി തീർക്കുവാൻ സാദ്ധ്യമല്ല. ഇപ്പോൾ പണി തുടങ്ങിയാലും കുറഞ്ഞതു മുമ്പു് പണി തീർക്കുവാൻ സാധിക്കുകയില്ല.

മിസ്റ്റർ പി. കുമാരനെഴത്തഛൻ: പണം ഇങ്ങോട്ടു എല്പിച്ചുതരാമൊ? ഞാൻ തീർക്കാം.

റാവു ബഹദൂർ ടി. കെ. നായർ: അങ്ങിനെയുള്ള കാലം വന്നാൽ അങ്ങിനെ ചെയ്യാം.

മിസ്റ്റർ കെ. ഐ. വേലായുധൻ: അവിടെ രോഗികളായി വരുന്നവർക്കു ചികിത്സ കിട്ടുന്നതുവരെ കാത്തിരിക്കുവാൻ വല്ല ഷെഡ്ഡോ മറ്റോ ഉണ്ടാക്കാമൊ?

റാവു ബഹദൂർ ടി. കെ. നായർ: അങ്ങിനെയുള്ള അസൌകര്യമുണ്ടെങ്കിൽ തീച്ചയായും അതു ചെയ്യാം.

മിസ്റ്റർ കെ. ഐ. വേലായുധൻ: കണ്ണിൽ സുഖക്കേടുള്ള രോഗികൾ വന്നാൽ ചികിത്സ കിട്ടുന്നതുവരെ ഇപ്പോൾ വെയിലുംകൊണ്ടു് അവിടെയുള്ള ഒരു മരത്തിൻറെ ചുവട്ടിലാണു് ഇരിക്കുന്നതു്.

റാവു ബഹദൂർ ടി. കെ. നായർ: ആ സംഗതിയിൽ വേണ്ടവിധം ചെയ്തു കൊടുക്കാം.

മിസ്റ്റർ ജോസു് കെ. വർഗ്ഗീസ്: രോഗികളെ കാണുവാൻ വരുന്ന ആളുകൾക്കാണു് കൂടുതൽ ബുദ്ധിമുട്ടു്. അവർ വന്നു വെയിലത്താണിരിക്കുന്നതു്. അവർക്കു് ഇരിക്കുവാൻ ഒരു ഷെഡ്ഡുണ്ടാക്കണമെന്നു് വിസിറേഴ്സു ബുക്കിൽ എഴുതിയിട്ടുണ്ടു്. അതു് കഴിയുന്ന വേഗത്തിൽ ചെയ്തുകൊടുക്കാമൊ?

റാവു ബഹദൂർ ടി. കെ. നായർ: നോക്കാം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തഛൻ: ഇവർ രണ്ടുപേരും പെയിഡു് ഡാക്ടർമാരാണൊ?

റാവു ബഹദൂർ ടി. കെ. നായർ: ഒരാൾ പെയിഡാണു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: അഞ്ചു മണിക്കല്ലെ രോഗികളെ കാണുവാനുള്ള സമയം?

റാവു ബഹദൂർ ടി. കെ. നായർ: അതെ.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: അപ്പോൾ എന്തിനാണു് രോഗികളെ കാണുവാനുള്ള ആളുകൾ രണ്ടു മണിക്കും മൂന്നുമണിക്കും വന്നു വെയിലത്തു നില്ക്കുന്നതു്?



LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ജോസ് കെ. വർഗ്ഗീസ്: അഞ്ചു മണിക്കു തന്നെ വരുന്നതിനു എല്ലാവരും ആസ്പത്രിയുടെ അടുത്തുള്ള ആളുകളായിരിക്കയില്ല. അന്യദിക്കിൽനിന്നു വരുന്നവരും ഉണ്ടാകും. അവർ പുറത്തു കാത്തുനിൽക്കേണ്ടി വരുകയില്ലെ?

റാവു ബഹദൂർ ടി. കെ. നായർ: അന്യദിക്കിൽനിന്നു വരുന്നവരുണ്ടാകും. പുറമെ താമസിക്കുന്നവരുണ്ടായിരിക്കും. ഇതിനും പുറമെ ആശുപത്രിക്കുള്ളിൽ വല്ല മുക്കിലൊ മറ്റൊ വന്നു താമസിക്കുന്നവരും കണ്ടിട്ടുണ്ട്. അതു് നിയമത്തിനു വിരോധമാണെന്നു കണ്ടിട്ടു് അവരെ പുറത്താക്കുവാനും തീരുമാനിച്ചിട്ടുണ്ടു്.

**IRINJALAKKUDA VILLAGE OFFICE & REVENUE INSPECTOR'S OFFICE—ACCOMMODATION OF**

**184.** മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവൺമെണ്ടു ദയവായി മറുപടി പറയുമൊ.—

(എ) ഇരിങ്ങാലക്കുട വില്ലേജുകച്ചേരിയും റവന്യു ഇൻസ്പെക്ടരുടെ ആപ്പീസ്സും ഇപ്പോൾ ഒരു കെട്ടിടത്തിലല്ലെ നടത്തിവരുന്നതു്;

(ബി) ഈ രണ്ടു ആപ്പീസ്സുംകൂടി ഒരുമിച്ചു നടത്തുവാൻ പ്രസ്തുത കെട്ടിടത്തിൽ വേണ്ട സൌകര്യമുണ്ടൊ;

(സി) ഇപ്പോഴത്തെ മുകുന്ദപുരം താസിൽദാർ മിസ്റ്റർ എം. വി. സംഗമേശ്വരയ്യരും ഈ കെട്ടിടത്തിലല്ലെ താമസം;

(ഡി) അതെ എങ്കിൽ എന്നുമുതൽക്കാണു് അവിടെ താമസമാക്കിയതു്;

(ഇ) ഇപ്പോഴത്തെ റവന്യു ഇൻസ്പെക്ടർ ചാർജ്ജു് എടുത്തതിനുശേഷമാണൊ താമസം അവിടേക്കു മാറിയതു്;

(എഫ്) ഇപ്പോഴത്തെ റവന്യു ഇൻസ്പെക്ടർ ചാർജ്ജെടുക്കുന്നതിനു മുമ്പുണ്ടായിരുന്ന റവന്യു ഇൻസ്പെക്ടർ സമ്മതിക്കാതിരുന്നതുകൊണ്ടാണൊ അന്നു അവിടെ താസിൽദാർ താമസിക്കാതിരുന്നതു്;

(ജി) താസിൽദാർ അവിടെ താമസിക്കുന്നതിനു് ഗവൺമെണ്ടു അനുവദിച്ചിട്ടുണ്ടൊ;

(എച്ച്) ഉണ്ടെങ്കിൽ ആരാണു്, എന്നാണു് അനുവാദം കൊടുത്തതു്;

(ഐ) ഈ കെട്ടിടത്തിൽതന്നെയല്ലെ ഗ്രെയിൻ പച്ചെയിസിംഗ് പാവ്വത്യക്കാരന്റെ കച്ചേരിയും നടത്തുന്നതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതെ.

(എ) അല്ല.

(ബി) ഒന്നാംചോദ്യത്തിന്റെ മറുപടികൊണ്ടു ഇതിനു മറുപടി ആവശ്യമില്ല.

(സി) ഈ കെട്ടിടത്തിൽ താമസമില്ല. എന്നാൽ ആപ്പീസ്സു് സമയംവിട്ടു് ആപ്പീസ്സു് കടലാസ്സുകൾ നോക്കുവാനും സൂക്ഷിപ്പാനുംവേണ്ടി ഒരു മുറി ഉപയോഗിച്ചുവന്നിരുന്നു. ഇപ്പോൾ ആപ്പീസ്സു കടലാസ്സുകൾ നോക്കുന്നതും താസിൽദാരുടെ വീട്ടിൽവെച്ചുതന്നെയാണു്.

(ഡി) രണ്ടാം ചോദ്യത്തിന്റെ മറുപടികൊണ്ടു് ഇതിനു മറുപടി ആവശ്യമില്ല.

(ഇ) താമസമില്ല. രണ്ടാം ചോദ്യത്തിന്റെ മറുപടിയിൽ പറയുന്ന ആവശ്യത്തിനു് ഉപയോഗിച്ചു തുടങ്ങിയതു് ഇപ്പോഴത്തെ റവന്യു ഇൻസ്പെക്ടർ ചാർജ്ജെടുത്തതിനുശേഷമാണു്.

(എഫ്) അല്ല. അന്നു സൌകര്യമായി വേറെ സ്ഥലം ഉണ്ടായിരുന്നതുകൊണ്ടു് ഇതിനു ആവശ്യമുണ്ടായിരുന്നില്ല.

(ജി) താമസം ഇല്ലാത്തതുകൊണ്ടു് അനുവാദം ആവശ്യമില്ല.

(എച്ച്) ഏഴാം ചോദ്യത്തിന്റെ ഉത്തരംകൊണ്ടു് ഈ ചോദ്യത്തിനു മറുപടി ആവശ്യമില്ല.

(ഐ) അതെ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇരിങ്ങാലക്കുട വില്ലേജ് കച്ചേരിയും റവന്യു ഇൻസ്പെക്ടരുടെ ആപ്പീസ്സും ഒരു കെട്ടിടത്തിലല്ലായിരുന്നു എന്നു പറഞ്ഞുവല്ലൊ. വില്ലേജ് പാവ്വത്യം, ഗ്രെയിൽ പർച്ചെയിസിംഗ് പാവ്വത്യം, ഗ്രെയിൻ പച്ചെയിസിംഗ് ആപ്പീസ്സർ എന്നിവരുടെ ആപ്പീസ്സു് ഒരു കെട്ടിടത്തിലല്ലെ നടത്തി വന്നിരുന്നതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അല്ലെന്നാണു് അറിയുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ വില്ലേജ് കച്ചേരി കൂടാതെ റവന്യു ഇൻസ്പെക്ടർക്കു വേറെ ആപ്പീസ്സുണ്ടൊ?

LIBRARY ARCHIVES Kerala Legislative Assembly